പ്രവർത്തിച്ചു വന്നതിനാൽ ഈ തോട്ടം കൂടുതൽ ലാഭകരമാക്കാമെന്ന പ്രതീക്ഷയിൽ കോളി, അപ്പർ ചീക്കാട്, കരാവരംതട്ട് എന്നീ ഡിവിഷനുകളിലെ ആദായം വർഷങ്ങളായി ലേലം ചെയ്തുവരികയാണ്. ഈ തോട്ടം കൂടുതൽ ലാഭകരമാക്കാമെന്ന പ്രതീക്ഷയിൽ വർഷാവർഷം ലേലം ചെയ്യുന്നതിനുപകരം മൂന്ന് വർഷത്തേക്ക് ശേഖരിച്ച് ലേലം ചെയ്തുകൊടുക്കാൻ കമ്പനി ഡയറക്ടർ ബോർഡിന്റെ സബ്കമ്മിറ്റി തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അല്ല. ബാലക്കോട് എസ്റ്റേറ്റിലെ ഉൽപ്പന്നങ്ങൾ ഓരോ വർഷവും ലേലം ചെയ്ത് വന്നിരുന്നത് ഇപ്പോൾ മൂന്ന് വർഷത്തേയ്ക്ക് ആക്കാൻ മാത്രമാണ് ബോർഡിന്റെ സബ്കമ്മിറ്റി തീരുമാനിച്ചത്. സബ്കമ്മിയുടെ തീരുമാനം നടപ്പിലാക്കുന്നതിനു മുൻപ് ബോർഡിന്റെ അനുമതി തേടുന്നതാണ്.

ശ്രീ. എബ്രഹാമിന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

84(1085) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി സോയിൽ കൺസർവേഷൻ റിസർച്ച് സ്റ്റേഷനിലെ തൊഴിലാളിയായി 60 വയസ്സ് പൂർത്തിയാക്കി 31.5.1979-ൽ സർവീസിൽനിന്നും പിരിഞ്ഞ ശ്രീ. കെ.എം. എബ്രഹാമിന് 4.6.98-ലെ ജി.ഒ.(എം.എസ്) 116/98 പ്രകാരം അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനത്തിൻ മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള നിയമമനുസരിച്ച് അദ്ദേഹത്തിന് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിട്ടും അനുവദിക്കാൻ കാലതാമസമുണ്ടാകാൻ കാരണം അറിയിയ്ക്കുമോ;

(സി) അദ്ദേഹത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. കെ.എം. എബ്രഹാമിന് 4.6.98-ലെ ജി.ഒ. (എം.എസ്) 116/98/എഡി ഉത്തരവ് പ്രകാരം പെൻഷന് അർഹതയുണ്ടെങ്കിൽ അത് അനുവദിച്ച് നൽകുന്നതിനുവേണ്ടി മേൽ നടപടി സ്വീകരിക്കുവാൻ എറണാകുളം സോയിൽ കൺസർവേഷൻ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു.

(ബി) കോന്നി സോയിൽ കൺസർവേഷൻ റിസർച്ച് സ്റ്റേഷൻ 17.7.98-ൽ കേരള കാർഷിക സർവകലാശാലയ്ക്ക് കൈമാറിയതിനാൽ പെൻഷൻ അനുവദിക്കേണ്ടത് മണ്ണു സംരക്ഷണ വകുപ്പാണോ അതോ കാർഷിക സർവ്വകലാകാലയാണോ എന്ന സംശയം ദൂരീകരിക്കുന്നതു സംബന്ധിച്ച് കത്തിടപാടുകൾ നടത്തുന്നതിലുണ്ടായ കാലതാമസമാണ് പെൻഷൻ അനുവദിക്കുവാൻ വൈകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അർഹതപ്പെട്ട പെൻഷൻ അനുവദിച്ച് നൽകുവാൻ വേണ്ട നിർദ്ദേശം എറണാകുളം സോയിൽ കൺസർവേഷൻ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിക്കഴിഞ്ഞു.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

"ഒരുലക്ഷം രൂപവരെ വിലയുള്ള ചിട്ടികൾ നടത്താൻ സഹകരണസംഘങ്ങളെ അനുവദിക്കണമെന്ന ആവശ്യം"

85(970) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരുലക്ഷം രൂപവരെ വിലയുള്ള ചിട്ടി നടത്തുന്നതിന് സഹകരണ സംഘങ്ങളെ അനുവദിക്കുമെന്ന് 1997 ലെ ഗവണ്മെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പിൽ വരുത്തുന്നതിന് നാളിതുവരെ എന്തു നടപടിസ്വീകരിച്ചിട്ടുണ്ട്;

(സി) നയപ്രഖ്യാപന പ്രസംഗത്തെത്തുടർന്ന് ധനകാര്യവകുപ്പുമന്ത്രി ബന്ധപ്പെട്ട ഫയലിൽ ഒരുലക്ഷം രൂപവരെയുള്ള ചിട്ടികൾ നടത്തുന്നതിന് സഹകരണസംഘങ്ങളെ അനുവദിക്കണമെന്ന് 1998-ൽ ഉത്തരവായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് വീഴ്ചവരുത്തിയവർ ആരൊക്കെയാണ്;

(ഇ) ധനകാര്യ വകുപ്പുമന്ത്രി ഉത്തരവിട്ടശേഷം ബന്ധപ്പെട്ട ഫയൽ സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ എത്ര ദിവസം വീതം പരിഗണിക്കപ്പെടുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(എഫ്) അനാവശ്യമായി കാലതാമസം വരുത്തി ഉത്തരവ് നാളിതുവരെ നടപ്പിലാക്കാതിരുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല

(സി)-(എഫ്) ബഹുമാനപ്പെട്ട സഹകരണമന്ത്രിയുടെ അഭ്യർത്ഥന അനുസരിച്ച് സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികളുടെ സല. 25000 രൂപയിൽ നിന്ന് ഒരുലക്ഷംരൂപയായി ഉയർത്തുന്നതിന് വകുപ്പുമന്ത്രി ഉത്തരവിട്ടിരുന്നു. ഇതിൻപ്രകാരം ചിട്ടി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly